Circular No: SBV01/2019-21

# സമസ്ത കേരള സുന്നി ബാലവേദി

(Under: സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ)

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം - 673 636. ഫോൺ: 9287274809, 0494 2400530, 2400749

**website: www.sksbvstate.com, Email: sksbvstate@gmail.com**

***സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാല വേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.***

മാന്യരെ, അസ്സലാമു അലൈക്കും.

2019-21 വർഷത്തേക്കുള്ള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റി നിലവിൽ വന്ന വിവരം അറിഞ്ഞിരിക്കുമല്ലോ... പുതിയ പദ്ധതികളും പ്രവർത്തനവുമായി സംഘടനയെ നമുക്ക് ഊർജ്ജിതമാക്കേണ്ടതുണ്ട്. (ഇൻശാ അല്ലാഹ്)

## ജലദിനകാമ്പയിൻ

ലോകജലദിനമായ മാർച്ച് 22 നോടനുബന്ധിച്ച് മാർച്ച് 22-മെയ് 10 തിയതികളിൽ **"കരുതിവെക്കാം ജീവന്റെ തുള്ളികൾ നാളെക്കായ്"** എന്ന പ്രമേയത്തിൽ നാം ജലദിന കാമ്പയിൻ ആചരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ മാർച്ച് 22-ന് നമ്മുടെ മുഴുവൻ മദ്റസകളിലും താഴെ പറയും വിധം തണ്ണീർപന്തൽ, പോസ്റ്റർ പ്രദർശനം, ചിത്രപ്രദർശനം, ജലസംരക്ഷണ ബോധവത്കരണം, ജലദിനപ്രതിജ്ഞ, പറവകൾക്കൊരു നീർ കുടം എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

* **തണ്ണീർപന്തൽ:** പൊതുസ്ഥലങ്ങൾ, ബസ്സ്റ്റോപ്പുകൾ എന്നിവ കേന്ദ്രീകരിച്ച് മുള, ഓല (പ്ലാസ്റ്റിക് ഉപകരണങ്ങൾ കർശനമായി വർജ്ജിക്കുക) എന്നിവ ഉപയോഗിച്ച് തണ്ണീർപന്തലുകൾ സ്ഥാപിക്കുക. ഇതിന്റെ നടുവിലായി അൽപം ഉയരത്തിൽ ഏതാണ്ട് പത്ത് ലിറ്ററെങ്കിലും വെള്ളം കൊള്ളാവുന്ന ഒരു കൂജയും വെള്ളം ഒഴിച്ചുകുടിക്കുവാനുള്ള ഗ്ലാസും സ്ഥാപിക്കുകയും തീരുന്നതിനനുസരിച്ച് ശുദ്ധമായ വെള്ളം നിറക്കാനുള്ള സംവിധാനവും ഒരുക്കുക. വെള്ളം മലിനമാകാതെ സൂക്ഷിക്കണം. ഇതിനായി അടിഭാഗത്ത് ടാപ്പ് ഘടിപ്പിച്ചിട്ടുള്ള കൂജ ഉപയോഗിക്കാവുന്നതാണ്. ചുരുങ്ങിയത് ഏപ്രിൽ മെയ് എന്നീ രണ്ട് മാസങ്ങളിലെങ്കിലും ഇത് നിലനിർത്തേണ്ടതാണ്.

**പോസ്റ്റർ പ്രദർശനം:**

* നിറഞ്ഞൊഴുകുന്ന പുഴയിൽ നിന്ന് വുളൂഅ് ചെയ്യുകയാണെങ്കിലും മിതത്വം പാലിക്കുക. (മുഹമ്മദ് നബി(സ))
* ജലം അമൂല്യമാണ്. അത് പാഴാക്കരുത്....
* മരവും വനവും സംരക്ഷിക്കുക. അതുവഴി മഴയും ജലവും സംരക്ഷിക്കപ്പെടും...
* ദാഹിച്ച് നിൽക്കുന്ന മനുഷ്യന് ഒരു ചാക്ക് സ്വർണത്തേക്കാൾ വലുതാണ് ജലം.
* ദാഹിച്ചു പരവശയായ നായക്ക് വെള്ളം നൽകിയ കാരണത്താൽ ദുർനടപ്പുകാരിയായ സ്ത്രീ സ്വർഗാവകാശിയായി..!
* പാഴായിപ്പോകുന്ന ഓരോ തുള്ളി ജലത്തിന്നും വില പറയാനാവില്ല... അത് തിരിച്ചുകൊണ്ടുവരുവാനും...
* ഇനിയൊരു മഹായുദ്ധമുണ്ടായാൽ അത് ദാഹജലത്തിന് വേണ്ടിയായേക്കാം.
* മഴവെള്ളം; ഭാവി കുടിവെള്ളം...
* അനാവശ്യമായി ജലം പാഴാക്കുമ്പോൾ ഓർക്കുക. ലോകത്ത് ദിനംപ്രതി ദാഹിച്ച് മരണപ്പെടുന്നവർ ആയിരങ്ങളാണ്.

മേൽ വാക്യങ്ങൾ ഒരു ആർട്ട് പേപ്പറിൽ (ഫ്ളക്സ് ബോർഡ് ഉപേക്ഷിക്കുക) വൃത്തിയായി എഴുതി മദ്റസാപരിസരത്തും അങ്ങാടികളിലും ആളുകൾ കൂടുന്ന മറ്റിടങ്ങളിലും സൗകര്യപ്രദമായ രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

* **ചിത്രപ്രദർശനം:** ജല സംരക്ഷണത്തിന്റെ പ്രാധാന്യവും അതിനുള്ള ആധുനിക രീതികളും പരിചയപ്പെടുത്തുന്ന തരത്തിലുള്ള ചിത്രപ്രദർശനം നടത്തുക. ( ചില മാതൃകകൾ താഴെ നൽകുന്നു)

* ജല സംഭരണി, മഴ കുഴി എന്നിവകളെ കുറിച്ചുള്ള പത്ര കട്ടിങ്ങുകൾ.
* വീട്ടിൽ നടത്താൻ പറ്റുന്ന തരത്തിലുള്ള മലിന ജല ശുദ്ധീകരണ പ്രവർത്തനങ്ങൾ

PTO

*** പറവകൾക്കൊരു നീർ കുടം:** വേനൽ ചൂടിൽ നിന്ന് രക്ഷ നൽകാൻ പറവകൾക്കാവശ്യമായ വെള്ളം കിട്ടാൻ മദ്റസ പരിസരങ്ങളിലും കവല പ്രദേശങ്ങളിലും നീർ കുടം സ്ഥാപിക്കുക.

രാവിലെ മദ്റസ ആരംഭിക്കുന്നതിന് മുമ്പായി അസംബ്ലി വിളിച്ചുചേർക്കുകയും ഒരധ്യാപകൻ/വിദ്യാർത്ഥി ജലത്തിന്റെ പ്രാധാന്യവും അത് ദുരുപയോഗം ചെയ്താലുള്ള ഭവിഷ്യത്തുകളും മതപരമായും സാമൂഹ്യമായും അതെങ്ങനെ ബാധിക്കുന്നു എന്നിവ ഉൾകൊള്ളിച്ചുകൊണ്ട് ഹ്രസ്വമായ ഒരു പ്രഭാഷണം നടത്തുകയും തുടർന്ന് താഴെ പറയുന്ന പ്രതിജ്ഞ മദ്റസാ ലീഡർ ചൊല്ലിക്കൊടുക്കുക.

**പ്രതിജ്ഞ: ജലം അല്ലാഹുവിന്റെ അനുഗ്രഹമാണ് അതിനാൽ നാം അതിനെ സംരക്ഷിക്കുകയും അതിന്റെ ദുരുപയോഗം തടയാൻ പരിശ്രമിക്കുകയും ചെയ്യും. ജലത്തിന്റെ അമിതമായ ഉപയോഗവും മഴയുടെ കുറവും വനനശീകരണവും മൂലം ജലത്തിന്റെ അളവ് വൻതോതിൽ കുറഞ്ഞു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജലസമ്പത്ത് സംരക്ഷിക്കാൻ നാം പ്രയത്നിക്കുകയും അതിന് എന്നാൽ കഴിയുന്ന സഹായസഹകരണങ്ങൾ നൽകുകയും മറ്റുള്ളവരെ ഉത്ബുദ്ധരാക്കാൻ ശ്രമിക്കുകയും ചെയ്യും. വർധിച്ചതോതിലുള്ള ജലമലിനീകരണവും വന നശീകരണവും പരമാവധി നിയന്ത്രിക്കുവാനും പരിഹരിക്കുവാനും ഉപയോഗത്തിൽ മിതത്വം പാലിക്കുവാനും നാം പരിശ്രമിക്കും. ലോകജലദിനമായി ആചരിക്കുന്ന ഈ വേളയിൽ അതിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും മനസ്സിലാക്കി മേൽപറഞ്ഞ കാര്യങ്ങൾ ഉൾകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞയെടുക്കുന്നു.**

## സത്യസമ്മേളനം (മാർച്ച് 31)

റെയിഞ്ച് തലങ്ങളിൽ പ്രവാചകചര്യയെ മുൻനിർത്തി വിദ്യാർത്ഥികളിൽ സത്യശീലങ്ങൾ വളർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനാണ് റെയിഞ്ച് കേന്ദ്രങ്ങളിൽ മാർച്ച് 31 നാണ് സത്യസമ്മേളനം സംഘടിപ്പിക്കുന്നത്. റെയിഞ്ച് കമ്മറ്റിയുടെ നേതൃത്വത്തിൽ നിശ്ചിത സ്ഥലത്ത് പരിപാടി സംഘടിപ്പിക്കുകയും **'പറയാം നമുക്ക് സത്യം മാത്രം അതെത്ര കൈപേറിയതാണെങ്കിലും'** എന്ന വിഷയത്തിൽ ഉദ്ബോധനം നൽകുക.

താങ്കളുടെ ജില്ല/റെയിഞ്ച്/മദ്റസയിൽ സംഘടിപ്പിച്ച ഓരോ പരിപാടിയുടെയും റിപ്പോർട്ടുകൾ (ഫോട്ടോസ്, ന്യൂസ്, etc) സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയുടെ ഓഫിസിലേക്ക് അയക്കേണ്ടതാണ്...

ഇമെയിൽ : sksbvstate@gmail.com
വാട്ട്സ്അപ്പ് : **+91 9207000424**

എന്ന്

ചേളാരി
27-02-2019

ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി